# അക്കാദമിക
# മാസ്റ്റർ പ്ലാൻ

GWLPS Pilicode.

AnyScanner

# ആമുഖം

പിലിക്കോട് പഞ്ചായത്തിലെ 15ാം വാർഡായ പിലിക്കോട് വയലിൽ സ്ഥിതി ചെയ്യുന്ന ഒരു വിദ്യാലയമാണ് ജി. ഡബ്ല്യു എൽ. പി സ്കൂൾ, പിലിക്കോട്. 1921 ൽ ഹരിജനങ്ങൾക്കായി സ്ഥാപിച്ച ഈ വിദ്യാലയത്തിന്, അവർക്ക് അറിവ് പകർന്ന് നൽകി അവരെ സമൂഹത്തിന്റെ ഉന്നതിയിലേക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

ഇന്ന് എല്ലാ വിഭാഗത്തിലുമുള്ള കുട്ടികളും ഇവിടെ പഠിച്ചു വരുന്നുണ്ട്. പൊതുവിദ്യാഭ്യാസസംരക്ഷണം മുഖ്യ അജണ്ടയായി എടുത്തുകൊണ്ട് മുന്നേറുന്ന ഈ കാലഘട്ടത്തിൽ നാടിന്റെ അഭിമാനസ്തംഭമായി ജ്വലിച്ചു നിൽക്കുകയാണ് ഈ വിദ്യാലയം.

ആകെയുള്ള 65 കുട്ടികളിൽ 48 പേർ LP ക്ലാസുകളിലും 17 പേർ പ്രീപ്രൈമറിയിലും പഠിക്കുന്നു. വിദ്യാലയത്തിൽ HM നെ കൂടാതെ 3 സ്ഥിരം അധ്യാപകരും 2 പ്രീപ്രൈമറി അധ്യാപകരും ജോലി ചെയ്യുന്നു. ഇവരെ കൂടാതെ ഒരു പി.ടി.സി.എം, ഒരു പാചകത്തൊഴിലാളി എന്നിവരും സേവനമനുഷ്ഠിക്കുന്നു. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന ഈ വിദ്യാലയം കലാകായിക മേളകളിലും എൽ.എസ് എസ് പരീക്ഷയിലും മുൻപന്തിയിൽ നിൽക്കുന്നു.

# ചരിത്രം

വയൽ സ്കൂൾ എന്നറിയപ്പെടുന്ന ഗവ: വെൽഫെയർ എൽ.പി സ്കൂൾ, പിലിക്കോട് 1921 ലാണ് പ്രവർത്തനമാരംഭിച്ചത്. തികഞ്ഞ ഗ്രാമപ്രദേശമായ പിലിക്കോട് വയലിന്റെ ചരിത്രത്തെ തന്നെ മാറ്റി മറിക്കാൻ ഈ സ്ഥാപനത്തിന് സാധിച്ചു. ഹരിജൻ വെൽഫെയർ സ്കൂൾ ആയി പ്രവർത്തനമാരംഭിച്ചു. ഒന്നു മുതൽ അഞ്ച് വരെ ക്ലാസുകൾ ആദ്യകാലത്തുണ്ടായിരുന്നു. പരിമിതമായ സൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന ഈ വിദ്യാലയത്തിൽ പിന്നീട് 1 മുതൽ 4 വരെ ക്ലാസുകളാണുണ്ടായത്. സാധാരണക്കാരായ കർഷകരുടെയും കൂലിപ്പണിക്കാരുടെയും മക്കളാണ് ഇവിടുത്തെ വിദ്യാർത്ഥികൾ

വയലിന്റെ വൈജ്ഞാനിക ചരിത്രത്തിൽ നിത്യഹരിതാഭ പരത്തി വിദ്യാലയത്തിന്റെ യശസ്സ് കാത്തു സൂക്ഷിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പഠനസൗകര്യങ്ങൾ ഒരുക്കുന്ന രക്ഷിതാക്കളും പ്രചോദനവും പ്രോത്സാഹനവും നൽകുന്ന പൂർവ്വ വിദ്യാർത്ഥികളും, നാട്ടുകാരും, സാംസ്കാരിക സംഘടകളും യുക്തമായ ഇടപെടലുകളിലൂടെ സ്കൂൾ പ്രവർത്തനങ്ങൾക്ക് ദിശ വെക്കുന്ന പി.ടി.എ യും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിന്റെ ഫലമാണ് വിദ്യാലയത്തിന്റെ ഈ മികവ്.

# ലക്ഷ്യങ്ങൾ

- സ്കൂളിലെ എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഉറപ്പാക്കുക.

- നാലാം ക്ലാസ് കഴിയുമ്പോഴേക്കും സ്കൂളിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്രവായനക്കാരും എഴുത്തുകാരുമാക്കി മാറ്റുക.

- വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് ഭാഷ പ്രയോഗിക്കാൻ കഴിവു നേടുക.

- കുട്ടികളുടെ സർഗപരവും അക്കാദമികപരവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് നല്ല പൗരൻമാരായി വളർത്തുക.

- സ്കൂൾ ശലഭോദ്യാനത്തിൽ കൂടുതൽ ചെടികൾ നട്ട് അതിനെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

- പ്രകൃതിസൗഹൃദ വിദ്യാലയാന്തരീക്ഷം എന്ന സങ്കല്പം യാഥാർത്ഥ്യമാക്കുക.

- ഭാഷാപരവും ഗണിതപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.
- അടിസ്ഥാനശേഷി വികാസത്തിന് സ്വാഭാവികാന്തരീക്ഷം സൃഷ്ടിച്ച് അതിലൂടെ ഗണിതപഠനം ആസ്വാദ്യകരമാക്കുക.
- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
| --- | --- | --- | --- | --- |
| • 'ജീവിതമാണ് ലഹരി' എന്ന ആശയം കുട്ടികളിൽ വളർത്തുന്നു | • സ്കൂളിനെ അറിയാം (നിരീക്ഷണം, ചിത്രം വര)<br>• സുമ്പാഡാൻസ്<br>• ലഹരി- സംഗീതശില്പം | June<br>June – | അധ്യാപകർ | |
| • റോഡുനിയമങ്ങൾ പാലിച്ച് ജീവിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്നു. | • വീഡിയോ പ്രദർശനം<br>• മോക്ഡ്രിൽ | June – | അധ്യാപകർ | |
| • പരിസ്ഥിതിയെക്കുറിച്ച് മനസിലാക്കി അതിനെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. | • ബോധവൽക്കരണക്ലാസ്<br>• ചെടി നടൽ- പരിപാലനം<br>• പരിസരനടത്തം. | June-March | അധ്യാപകർ PTA. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നല്ല ആരോഗ്യത്തിന് പാലിക്കേണ്ട ശീലങ്ങൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നു. | • ബോധവൽക്കരണ ക്ലാസ്<br>• ലഘു വ്യായാമങ്ങൾ | June- | അധ്യാപകർ PTA | |
| • ഡിജിറ്റൽ അച്ചടക്കം പാലിക്കണം എന്ന ബോധം വളർത്തുന്നു. | • വീഡിയോ പ്രദർശനം<br>• ചർച്ച<br>• ബോധവൽക്കരണ ക്ലാസ് | June-March | അധ്യാപകർ PTA | |
| • പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുന്നു | • ബോധവൽക്കരണ ക്ലാസ്<br>• വീഡിയോ പ്രദർശനം. | June-March | അധ്യാപകർ PTA | |

AnyScanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ക്ലാസ് ലൈബ്രറി വികസനവും വായന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തലും | • ക്ലാസിലേക്ക് ആവശ്യമായ വിവിധ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>• കൂടുതൽ കുട്ടിക്കഥകൾ ശേഖരിക്കുന്നു. സ്കൂൾ വായനാ corner ഉണ്ടാക്കുന്നു.<br>• നാടൻകഥകൾ ശേഖരിക്കുന്നു. | ജൂൺ to മാർച്ച് | അധ്യാപകർ PTA നാട്ടിലെ ലൈബ്രറികൾ | |
| • ലേഖനത്തിലൂടെയും ഭാഷണത്തിലൂടെയും ചിത്രരചനകളിലൂടെയും നേടിയ അറിവ് പ്രകടമാക്കുന്നു. | • രചനോത്സവം സംഘടിപ്പിക്കുന്നു.<br>• അമ്മവായന, കുട്ടിവായന<br>• കഥോത്സവം<br>• Readers Theatre<br>• സ്കൂൾ അസംബ്ലിയിൽ അവസരം നൽകുന്നു. | ജൂൺ – മാർച്ച് | അധ്യാപകർ PTA നാട്ടുകാർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സമ്പത്തിക |
|---|---|---|---|---|
| • സ്കൂളിലെ എല്ലാ കുട്ടികളെയും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷിയിലേക്ക് എത്തിക്കാൻ സാധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | Pre-test കൾ നടത്തി പഠനനിലവാരം മനസ്സിലാക്കുന്നു.<br>→ PTA meeting നടത്തി രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>→ സ്കൂൾ / ക്ലാസ് ലൈബ്രറികൾ ഉപയോഗിച്ച് വായനാപ്രോത്സാഹിക്കുന്നു. എഴുത്തുമായി സമ്പർക്കിപ്പിക്കുന്നു (ആസ്വാദനക്കുറിപ്പ്, കഥാപാത്രനിരൂപണം etc). | ജൂൺ - ജൂലായ് | അധ്യാപകർ PTA | |
| • വായനയിൽ പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിലെത്തിക്കൽ | → പിന്നോക്കക്കാർക്കായി പ്രത്യേക ക്ലാസ് നടത്തുന്നു. (ഉച്ചയ്ക്ക് 1:30 to 2)<br>→ വായനാകാർഡുകൾ നൽകൽ<br>→ ചിത്രങ്ങൾ നൽകി വാക്കുകൾ കണ്ടെത്തൽ.<br>→ മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്രിയകൾ പഠിക്കൽ<br>→ Word cards ഉപയോഗിച്ച് കളികളിലൂടെ ഇംഗ്ലീഷ് പഠനം. | ജൂലായ് - മാർച്ച് | അധ്യാപകർ SRG PTA. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം. |
|---|---|---|---|---|
| * ഈണത്തിലും താളത്തിലും കവിതകൾ ചൊല്ലി അവതരിപ്പിക്കുന്നതിനും ആസ്വദിക്കുന്നതിനും. | * നാട്ടറിവുപാട്ടുകൾ ശേഖരിക്കൽ<br>* ICT സാധ്യത ഉപയോഗിച്ച് പ്രദർശിപ്പിക്കൽ<br>* പാട്ടരങ്ങ്. | അധ്യാപകർ<br>PTA<br>നാട്ടുകാർ | ജൂലായ്<br>-<br>ആഗസ്ത് | |
| * വായിച്ച കഥകളെ നാടകരൂപത്തിലാക്കൽ | • അഭിനയ ശില്പശാല<br>• നാടകാവതരണം | അധ്യാപകർ<br>PTA | സെപ്തംബർ<br>-<br>ജനുവരി | |
| | | | | |

മേഖല : അക്കാദമികം    ഉപമേഖല : English

പ്രവർത്തനം : പഠനനില കണ്ടെത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ആവിഷ്കരിക്കുന്നു. എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരാക്കൽ | പ്രീടെസ്റ്റ് നടത്തി പഠനനില കണ്ടെത്തുന്നു. അക്ഷരകാർഡ് ഉപയോഗിച്ച് വാക്കുനിർമ്മാണം, വാക്യനിർമ്മാണം, വർക്ക്ഷീറ്റ് നിർമ്മാണം, പതിപ്പ്, കഥാ ചാർട്ടിൽ അനുയോജ്യമായ വാക്യങ്ങൾ കണ്ടെത്തൽ എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഇംഗ്ലീഷ് കോർണറിൽ മാച്ചിംഗ് കാർഡ്, ചെറു കഥകൾ എന്നിവ സജ്ജീകരിക്കുന്നു. ക്ലാസ് പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്ന പതിപ്പ് രൂപീകരണം. | ജൂൺ - മാർച്ച് | SRG, PTA, അധ്യാപകർ | |
| സർഗാത്മക വികാസം ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത, സി.ഡി എന്നിവ സജ്ജീകരിക്കൽ, സാങ്കേതിക വിദ്യ സാധ്യതകൾ ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തൽ. | പാഠവുമായി ബന്ധപ്പെട്ട കഥ, ഗാനങ്ങൾ, കവിതകൾ എന്നിവ, എൽ. സി ഡി പ്രൊജക്ടർ മുഖേന അവതരിപ്പിക്കൽ. പാഠഭാഗവുമായി ബന്ധപ്പെട്ട് കഥകൾ അവതരിപ്പിക്കൽ, ഇംഗ്ലീഷിൽ കവിത ചൊല്ലുന്നു. കഥ പറയുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, SRG. | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

1. പ്രവർത്തനം - പഠനനില കണ്ടെത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കൽ | പ്രീടെസ്റ്റ് നടത്തി പഠനനില കണ്ടെത്തുന്നു. പരിഹാരബോധന പ്രവർത്തനം നടത്തുന്നു. ഫ്ലാഷ് കാർഡ്, മാച്ചിംഗ് കാർഡ്, വർക്ക് ഷീറ്റ് പസിൽ എന്നിവ ഉപയോഗിക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | |
| 2. എല്ലാവർക്കും ഗണിതത്തിന് ഗണിതത്തിലെ അടിസ്ഥാന ശേഷി വികസിപ്പിക്കുന്നതിനായി പ്രകൃതിയിൽ നിന്നുള്ള വസ്തുക്കൾ പ്രയോജനപ്പെടുത്തൽ. | പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന മഞ്ചാടികൾ, കുന്നിക്കുരു, ഈർക്കിൽ കെട്ടുകൾ എന്നിവ ശേഖരിച്ച് ചതുഷ്ക്രിയകളുടെ പഠനത്തിന് ഉപയോഗിക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ SSG. | |
| 3. വർക്ക്ഷീറ്റ് നിർമ്മാണ ശില്പശാല. ഗണിതപഠനം കൂടുതൽ ലളിതവും കാര്യക്ഷമവുമാക്കൽ ഗണിതപഠനം നൂതനവും രസകരവും ആക്കുന്നതോടൊപ്പം കുട്ടികളെ [illegible] | നിർമ്മാണ ശില്പശാല; പാഠഭാഗങ്ങൾക്കനുസൃതമായി അധിക പ്രവർത്തനങ്ങൾ ചേർക്കുന്ന വർക്ക്ഷീറ്റ് തയ്യാറാക്കൽ, ഗണിത ക്ലബ്ബ് രൂപീകരണം, ജിക്സോ പസിൽ, കളികൾ, കടങ്കഥ, കഥ ലിങ്ക് ചെയ്യുന്നു. നാണയങ്ങൾ കറൻസികൾ എന്നിവ ഉൾപ്പെടുത്തി പ്രശ്നപരിഹാരം ചെയ്യുന്നു. | 2 ആഴ്ച | SS G PTA | |

മേഖല : ശാസ്ത്രം    പേര് : ശലഭോദ്യാനം പ്രയോജനപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക. പഠനത്തെ പരിസര ബന്ധിതവും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും സ്കൂൾ കാമ്പസിനെ അറിവിന്റെ നിർമ്മിതിക്കുള്ള ഏറ്റവും നല്ല സ്രോതസ്സാക്കി മാറ്റുകയും ചെയ്യുക. | സസ്യങ്ങളുടെ പേര് ലിസ്റ്റ് ചെയ്യുന്നു. അവയുടെ ഉപയോഗം എഴുതുന്നു. ഔഷധ സസ്യങ്ങൾ പരിചയപ്പെടുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾക്കനുസൃതമായി ശലഭോദ്യാനം പ്രയോജനപ്പെടുത്തുന്നു. ആമ്പൽക്കുളം ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം പൂന്തോട്ടം ഇവയുടെ നിർമ്മാണം, വിവിധതരം ശലഭങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ, മാലിന്യ സംസ്കരണം, മണ്ണ് സംരക്ഷണം | 2024-25 അക്കാദമിക വർഷം മുഴുവൻ | അധ്യാപകർ SRG PTA | |

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണം മുഖ്യ ലക്ഷ്യമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ നാടിന്റെ അഭിമാന സ്തംഭമായി ജ്വലിച്ചു നിൽക്കുന്ന ഈ വിദ്യാലയത്തെ ഔന്നത്യത്തിന്റെ പടവുകളിലൂടെ ഇനിയും മുന്നോട്ട് നയിക്കാൻ തക്കവിധത്തിലുള്ള പ്രവർത്തനങ്ങളാണ് ഇവിടെ ഉൾക്കൊള്ളിക്കുന്നത്. പൊതുവിദ്യാലയങ്ങൾ നാടിന്റെയാകെ സമ്പത്താണെന്ന സന്ദേശം പൊതു സമൂഹം ഏറ്റെടുത്ത ഘട്ടത്തിൽ ഈ ഉത്തരവാദിത്വം പൂർണ്ണമായും നിർവഹിക്കാൻ അക്കാദമിക മാസ്റ്റർ പ്ലാനിലെ എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലൂടെ സാധിക്കുമെന്ന് പ്രത്യാശിക്കാം.

AnyScanner